രാജീവ് നഗർ ക്വാർട്ടേഴ്സിൽ താമസിക്കുന്നവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാനും സൂക്ഷിക്കാനും സ്ഥലം

290 [2347] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള രാജീവ് നഗർ ക്വാർട്ടേഴ്സിൽ താമസിക്കുന്നവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാനും സൂക്ഷിക്കാനും സ്ഥലമില്ലാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(ബി) ഇവിടെ നിന്നും വളരെയധികം വാഹനങ്ങളും അനുബന്ധ സാധനങ്ങളും മോഷണം പോകുന്നത് ആവശ്യത്തിന് പാർക്കിംഗ് സൗകര്യമില്ലാത്തതു മൂലമാണെന്നത് പരിഗണിച്ചും ഫ്ളാറ്റ് സിസ്റ്റത്തിലുള്ള ക്വാർട്ടേഴ്സുകളാണെന്നത് പരിഗണിച്ചും ഇവിടെ വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ ഓരോ ബ്ലോക്കുകാർക്കും പ്രത്യേക സ്ഥലം നിർദ്ദേശിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ ആന്റ് ബി) പരിശോധിക്കുന്നതാണ്.

മഞ്ചേരി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം പൂർത്തീകരിക്കാൻ നടപടി

291 [2348] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(സി) വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താലൂക്ക് ഓഫീസുകൾ പുതിയ കെട്ടിടത്തിലേയ്ക്കു മാറ്റാൻ എന്നത്തേയ്ക്കു കഴിയും?

ഉത്തരം

(എ) ഉണ്ട്.

(ബി) കരാർ പ്രകാരം 30-11-2005-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പണി പൂർത്തിയാകുന്ന മുറയ്ക്ക് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താലൂക്കാഫീസുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly